# പ്രസിദ്ധീകരണത്തിന്.

## BA-LL.B, LL.M - സീറ്റുകൾ ഒഴിവ്

കണ്ണൂർ സർവകലാശാലയുടെ തലശ്ശേരിയിലുള്ള നിയമ പഠന വകുപ്പിൽ 2021-22 വർഷത്തെ **BA-LL.B കോഴ്സിന്** പട്ടിക വർഗ്ഗ (ST) വിഭാഗത്തിൽ മൂന്ന് സീറ്റുകളും **LL.M കോഴ്സിന്** പട്ടിക ജാതി (SC), പട്ടിക വർഗ്ഗ (ST) വിഭാഗങ്ങളിൽ ഓരോ സീറ്റും ഒഴിവുണ്ട്. സർവകലാശാല വിജ്ഞാപന പ്രകാരം അപേക്ഷ നൽകിയവർക്ക് മുൻഗണന ഉണ്ടായിരിക്കും. താത്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 30.10.2021 ന് 11 മണിക്ക് വകുപ്പ് മേധാവിക്ക് മുമ്പാകെ ഹാജരാവേണ്ടതാണ്. ഫോൺ : 9961936451.

## ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 15. 11. 2021 ന്

കണ്ണൂർ സർവ്വകലാശാലയിൽ എക്കണോമിക്സിൽ ഗവേഷണം നടത്തുന്ന രശ്മി രാജൻ കെ എന്ന വിദ്യാർത്ഥിനി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 15. 11. 2021 തിങ്കളാഴ്ച ഉച്ചക്കുശേഷം 2.30 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു . പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ ഐറിഷ് നിർമലഗിരിയിലെ ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും.

## ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 17. 11. 2021 ന്

കണ്ണൂർ സർവ്വകലാശാലയിൽ മലയാള ഭാഷയിൽ ഗവേഷണം നടത്തുന്ന ഇന്ദു ജോൺ പി എന്ന വിദ്യാർത്ഥിനി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 17. 11. 2021 ബുധനാഴ്ച രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു .

പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ തൃശ്ശൂർ കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും

## എം.എ.മ്യൂസിക് - സ്പോട്ട് അഡ്മിഷൻ.

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ സ്വാമി ആനന്ദതീർത്ഥ ക്യാംപസിൽ പ്രവർത്തിക്കുന്ന മ്യൂസിക് ഡിപ്പാർട്ട്മെന്റിൽ 2021-22 വർഷത്തേക്കുള്ള എം.എ മ്യൂസിക് പ്രോഗ്രാമിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 30 ന് രാവിലെ 10 മണിക്ക് അഭിരുചി പരീക്ഷയ്ക്കായി വകുപ്പ് മേധാവി മുൻപാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0497-2806404, 9895232334 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## എം.എ ഹിന്ദി - സീറ്റുകൾ ഒഴിവ്

കണ്ണൂർ സർവ്വകലാശാല നീലേശ്വരം ഡോ.പി.കെ.രാജൻ മെമ്മോറിയൽ ക്യാമ്പസിലെ ഹിന്ദി വിഭാഗത്തിൽ 2021-22 അധ്യയന വർഷത്തേക്കുള്ള എം.എ. ഹിന്ദി കോഴ്സിലേക്ക് SEBC, EWS, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്ത ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ നവംബർ 1 തിങ്കളാഴ്ച രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹിന്ദി വിഭാഗം ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ഫോൺ: 9847859018.

## എൽ.എൽ.എം. അപേക്ഷാതീയതി നീട്ടി.

കണ്ണൂർ സർവ്വകലാശാലയുടെ മഞ്ചേശ്വരം ക്യാമ്പസ്സിൽ ആരംഭിക്കാനിരിക്കുന്ന LL.M course with specialization in Criminal Law & Criminal Justice കോഴ്സിലേക്കു 2021-22 വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 5 വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. അപേക്ഷ ഫോറം സർവകലാശാലയുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ് .

## എം.എസ്.സി.നാനോ സയൻസ് & നാനോടെക്നോളജി പ്രോഗ്രാം - സ്പോട്ട് അഡ്മിഷൻ

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ സ്വാമി ആനന്ദതീർത്ഥ ക്യാമ്പസിലെ എം.എസ്.സി.നാനോ സയൻസ് & നാനോടെക്നോളജി പ്രോഗ്രാമിൽ 2021-22 വർഷത്തേക്കുള്ള പ്രവേശനത്തിന് ജനറൽ/SEBC വിഭാഗങ്ങൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട് . യോഗ്യത: ലാംഗ്വേജ് പേപ്പർ ഒഴികെ 55 ശതമാനം മാർക്കോടെ ബി.എസ്.സി.ഫിസിക്സ്/കെമിസ്ട്രി ബിരുദം. അപേക്ഷകർക്ക് യോഗ്യത സർട്ടിഫിക്കറ്റുകളുമായി നവംബർ 2 ന് രാവിലെ 10 മണിക്ക് പ്രോഗ്രാം കോഡിനേറ്റർ മുന്പാകെ ഹാജരാകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0497-2806402, 9847421467 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## യു. ജി ആറാം ഘട്ട അലോട്ട്മെന്റ് നിർദ്ദേശങ്ങൾ

2021 - 22 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ആറാം ഘട്ട അലോട്ട്മെന്റ് (Govt/Aided) http://www.admission.kannuruniversity.ac.in/ എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതും ആറാം അലോട്ട്മെന്റിൽ ആദ്യമായി (First time) അലോട്ട്മെന്റ് ലഭിച്ചവർ 2021 ഒക്ടോബർ 29 ന് അകം SBI e-pay വഴി അഡ്മിഷന് ഫീസ് നിർബന്ധമായും അടക്കേണ്ടതുമാണ്. മറ്റു രീതികളില് ഫീസ് അടച്ചാല് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതാണ്. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 830/- രൂപയും SC/ST വിഭാഗത്തിന് 770/- രൂപയുമാണ്. ഒന്ന്,രണ്ട്,മൂന്ന്,നാല്,അഞ്ച് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ചവർ Pay Fees ബട്ടണില് ക്ലിക്ക് ചെയ്താണ് ഫീസടയ്ക്കേണ്ടത്. ഫീസടച്ചവർ ലോഗിന് ചെയ്ത് അഡ്മിഷന് ഫീസ് വിവരങ്ങള് അവരുടെ പ്രൊഫൈലില് വന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ ഫീസ് E PAY വഴി ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളേജ് പ്രവേശനം

ആറാം അലോട്ട്മെന്റിൽ ഹയര് ഓപ്ഷന് ലഭിച്ചാല് നിലവില് അഡ്മിഷന് ലഭിച്ച കോളേജില് നിന്നും സര്ട്ടിഫിക്കറ്റുകള് തിരിച്ചു വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജില് മുഴുവന് ഫീസുകളും അടച്ച് സ്ഥിര പ്രവേശനം നേടേണ്ടതാണ്. ആറാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 2021 ഒക്ടോബർ 29 ന് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ, അതാത് കോളേജ്

പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. . അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മൊയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1 . ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട്, അലോട്മെന്റ് മെമ്മോ

2.രജിസ്ട്രേഷൻ ഫീസ്, സർവകലാശാല അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിന്റെ പ്രിന്റ് ഔട്ട്

3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്

4. ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

5. വിടുതൽ സർട്ടിഫിക്കറ്റ്

6. കോഴ്സ് & കോണ്ടക്ട് സർട്ടിഫിക്കറ്റ്

7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്), EWS വിഭാഗമാണെങ്കിൽ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

8. അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗങ്ങൾക്ക്)

9. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കേറ്റ്

10. HSE,VHSE,THSE,CBSC,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്

11.നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.

12.അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

കൂടുതല് വിവരങ്ങള്ക്ക് www.admission.kannuruniversity.ac.in എന്ന വെബ് സൈറ്റ് സന്ദര്ശിക്കുക. ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715261, 7356948230. e-mail id: ugsws@kannuruniv.ac.in

## ഗവേഷണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് കണ്ണൂർ സർവ്വകലാശാല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) തൃശ്ശൂർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെൻറർ (IRTC) പാലക്കാട്, എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കമ്മ്യൂണിറ്റി അഗ്രോബയോഡൈവേഴ്സിറ്റി സെന്റർ (MSSRF-CABC), വയനാട് എന്നീ ഗവേഷണ സ്ഥാപനങ്ങളുമായി കണ്ണൂർ സർവകലാശാല ധാരണാ പത്രങ്ങൾ ഒപ്പുവെച്ചു. പഠന ഗവേഷണപ്രവർത്തനങ്ങളും വിജ്ഞാന വ്യാപനം, പരിശീലനം എന്നിവ യോജിച്ച് കൊണ്ടുപോകുന്നതിനും ഗവേഷണ സ്ഥാപനങ്ങളിലെ മികച്ച സൗകര്യങ്ങൾ പരസ്പരം ഉപയോഗിക്കുന്നതിനും ധാരണാ പത്രത്തിലൂടെ സാദ്ധ്യമാകും.

പ്രാദേശിക ആസൂത്രണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന നയരൂപീകരണത്തിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും സർവകലാശാലയും ഗവേഷണ സ്ഥാപനങ്ങളും പരസ്പരം സഹകരിക്കും.

വിഭവ ഭൂപട നിർമ്മാണം, നീർത്തടാധിഷ്ഠിത വികസനം, ജലവിഭവ സംരക്ഷണം, ജൈവവൈവിധ്യ പരിപാലനം, സ്മാർട്ട് ഫാർമിംഗ്, മാലിന്യ നിർമാർജനം തുടങ്ങിയ മേഖലകളിൽ ആധുനിക ജിയോ-സെപ്ഷ്യൽ സാങ്കേതികവിദ്യയും, വിവര സാങ്കേതികവിദ്യയും സംയോജിപ്പിച്ച് വിവിധ പദ്ധതിക്ക് രൂപം നൽകും. സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങളും ശാസ്ത്രസാങ്കേതികരംഗത്തെ പുത്തൻ മുന്നേറ്റങ്ങളും ജനങ്ങളിലെത്തിക്കാൻ ഒരുമിച്ച് പ്രവർത്തിക്കും.
സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ, പ്രൊ-വൈസ് ചാൻസലർ പ്രൊഫ.സാബു എ എന്നിവരുടെ സാന്നിധ്യത്തിൽ സർവകലാശാലക്ക് വേണ്ടി രജിസ്ട്രാർ പ്രൊഫ. അനിൽ ആർ, ഗവേഷണ സ്ഥാപനങ്ങൾക്ക് വേണ്ടി ഐ.ആർ.ടി.സി ഡയറക്ടർ ഡോ. ജെ.സുന്ദരേശൻ പിള്ള, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, MSSRF-CABC സീനിയർ ഡയറക്ടർ ഡോ. എൻ.അനിൽകുമാർ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ധാരണാപത്രത്തിൻറെ അടിസ്ഥാനത്തിൽ വിവിധ പഠനവകുപ്പ് അധ്യക്ഷന്മാരുമായി ചർച്ച നടത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സർവകലാശാല റിസർച് ഡയറക്ടർ ഡോ.ജോബി.കെ.ജോസ്, ഐ.ടി.ഡയറക്ടർ ഡോ.സുനിൽകുമാർ ആർ.കെ, ഭൗമശാസ്ത്ര വകുപ്പ്തലവൻ ഡോ. ടി.കെ.പ്രസാദ്, സർവകലാശാല ബിസിനസ് ഇൻക്യൂബേഷൻ സെന്റർ ഡയറക്ടർ ഡോ. യു.ഫൈസൽ, ഐ.ഐ.സി.പ്രസിഡന്റ് ഡോ.സൂരജ് എം.ബഷീർ എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി. **(Photo Attached )**

## <u>ഹോൾടിക്കറ്റ്</u>

**ഒന്നാം** സെമസ്റ്റർ **എം. എഡ്.** (റെഗുലർ), നവംബർ 2020 പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>പരീക്ഷാഫലം</u>

അഫീലിയേറ്റഡ് കോളേജുകളിലെ **ഒന്നാം** സെമസ്റ്റർ **എം. ബി. എ.** (റെഗുലർ/ സപ്ലിമെന്ററി), ഒക്ടോബർ 2020 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **09.11.2021** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം.

## <u>പരീക്ഷാവിജ്ഞാപനം</u>

- **ഒന്നാം** വർഷ വിദൂരവിദ്യാഭ്യാസ ബിരുദ (സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021
 പരീക്ഷകൾക്ക് **02.11.2021** മുതൽ **05.11.2021** വരെ

പിഴയില്ലാതെയും **08.11.2021** വരെ പിഴയോട് കൂടെയും **ഓൺലൈനായി** അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷകളുടെ പകർപ്പ് **10.11.2021** നകം സർവകലാശാലയിൽ ലഭിക്കണം.

- **ഒന്നാം** വർഷ വിദൂരവിദ്യാഭ്യാസ ബിരുദാനന്തര ബിരുദ (സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ജൂൺ 2021 പരീക്ഷകൾക്ക് 2017 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾക്ക് **02.11.2021** മുതൽ **06.11.2021** വരെ പിഴയില്ലാതെയും **08.11.2021** വരെ പിഴയോട് കൂടെയും **ഓൺലൈനായി** അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷകളുടെ പകർപ്പ് **11.11.2021** നകം സർവകലാശാലയിൽ ലഭിക്കണം. **2017 ന് മുൻപുള്ള അഡ്മിഷൻ** വിദ്യാർഥികളുടെ അപേക്ഷകൾ **06.11.2021** വരെ പിഴയില്ലാതെയും **08.11.2021** വരെ പിഴയോട് കൂടെയും സർവകലാശാലയിൽ സമർപ്പിക്കാം

വിശദമായ പരീക്ഷാവിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

## ടീച്ചർ ഇൻഡക്സ് രജിസ്ട്രേഷൻ

ഗവ./ എയ്ഡഡ്/ അൺ എയ്ഡഡ് കോളേജുകളിലെയും സർവകലാശാല പഠനവകുപ്പ്/ സെന്ററുകളിലെയും അധ്യാപകർ സർവകലാശാല പരീക്ഷാവിഭാഗം പോർട്ടലിൽ നിന്ന് ടീച്ചർ ഇൻഡക്സ് ലിങ്ക് ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അധ്യാപകർ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കേണ്ടുന്ന അവസാന തീയതി **05.11.2021**.

## കണ്ണൂർ സർവ്വകലാശാല 28.10.2021 ലെ സിന്റിക്കേറ് യോഗതീരുമാനങ്ങൾ

മലയാള വിഭാഗത്തിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ് അംഗീകരിച്ചു.

പി. എച്ച്. ഡി കോഴ്സ് വർക്കുമായി ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധരുടെ വേതനം യു ജി സി എച്ച് ആർ ഡി സി യിലേതിന് തുല്യമായി വർദ്ധിപ്പിക്കും .
ഇലക്ട്രീഷ്യന്മാരുടെ വിവിധ തരം വേതന രീതികൾ ഏകീകരിക്കും
നെസ്റ്റ് പയ്യന്നൂർ പ്രിൻസിപ്പാളിന്റെ അപേക്ഷ പ്രകാരം ബി. എ ഇംഗ്ലീഷിന്റെ കോംപ്ലിമെന്ററി പേപ്പർ ജേർണലിസം ആയിരുന്നത് മാറ്റി ബ്രിട്ടീഷ് ഹിസ്റ്ററി ആക്കും
എസ്.ഇ.എസ്. കോളേജ് (അൺ-എയ്ഡഡ്) ശ്രീകണ്ഠാപുരം, നഹർ കോളേജ് കാഞ്ഞിരോട് എന്നീ കോളേജുകളിൽ അകാരണമായി അധ്യാപകരെ പിരിച്ച് വിട്ട നടപടിയുമായി ബന്ധപ്പെട്ട് സെൽഫ് ഫിനാൻസിംഗ് മോണിറ്ററിംഗ് കമ്മിറ്റി പരിശോധന നടത്തും.
പയ്യന്നൂരിലെ ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിക്കും
അഫ്സൽ ഉൽ ഉലമ ഇംഗ്ലീഷ് ചോദ്യപേപ്പറിൽ സിലബസ്സിനു പുറത്തുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയ ചോദ്യകർത്താവിനെ താൽക്കാലികമായി പ്രസ്തുത ജോലിയിൽ നിന്നും മാറ്റി നിർത്തും.
റിപ്പബ്ലിക് പരേഡിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാനുള്ള സൗകര്യം ചെയ്തു കൊടുക്കും.
മലബാർ എഡ്യുക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് തുടങ്ങാനുദ്ദേശിക്കുന്ന പുതിയ കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ട് അംഗീകരിച്ചു.